പ്രദേശത്ത് കുടിവെള്ളം ഒരു മുഖ്യപ്രശ്നമായി അനുഭവപ്പെടുകയാണ്. അവിടത്തെ ഹോട്ടലുകൾക്കും വെള്ളം കിട്ടുന്നില്ല. അങ്ങനെ വലിയ പ്രതിസന്ധിയിലാണ്. ഈ പതിനാല് കടക്കാരും ബാങ്കുകളിൽനിന്ന് ലോണെടുത്തും ബ്ലേഡ് കമ്പനികളിൽനിന്നും കടമെടുത്തുമൊക്കെ വ്യാപാരം നടത്തുന്നവരാണ്. അവർക്ക് ഇൻഷ്വറൻസ് ഇല്ല. മറ്റ് യാതൊരു സംവിധാനവുമില്ല. അങ്ങനെ നിരാലംബരായ സ്ഥിതിയിലാണ് ഈ പതിനാല് കടക്കാരും. വെള്ളമില്ലാത്തതുകൊണ്ട് നാട്ടുകാരും വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് ഇവർക്ക് നഷ്ടപരിഹാരം കൊടുക്കുകയും അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. അടിയന്തിരമായി മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നോ മറ്റേതെങ്കിലും നിലയ്ക്കോ ശുദ്ധജല വിതരണ പദ്ധതി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി, പമ്പ്ഹൗസും അതിന്റെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇത്തരം ഒരു തീപിടുത്തമുണ്ടായിട്ട് സമയത്ത് അത് അണയ്ക്കാൻ കഴിയാതെ വന്നത് നിർഭാഗ്യമായിപ്പോയി. ഷൊർണ്ണൂരിൽ ഒരു ഫയർ സ്റ്റേഷനുണ്ട്. ആ ഫയർ സ്റ്റേഷനിൽ ഡ്രൈവറില്ല, ഫയർമാനില്ല. ഈ ഒരു അവസ്ഥയിൽ അവർ നിസ്സഹായരായിരുന്നു. 200 മീറ്റർ ദൂരമുള്ള ഒരു സ്ഥലത്ത് തീപിടുത്തമുണ്ടായിട്ട് ഇവർക്ക് സഹായിക്കാൻ പറ്റിയില്ല. അതുകൊണ്ട് ഇതിന് പരിഹാരമുണ്ടാകണം. ഈ രണ്ടു വിഷയങ്ങളിൽ വിശേഷിച്ച് ഇവർക്ക് നഷ്ടപരിഹാരം കൊടുക്കാനും അടിയന്തിരമായി കുടിവെള്ളത്തിന് ആവശ്യമായ പുനഃസംവിധാനം ഉണ്ടാകാനും മുഖ്യമന്ത്രിയുടെ മുൻകയ്യോടുകൂടിയ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട കെ. ഇ. ഇസ്മയിൽ ഇത് സംബന്ധിച്ച് എനിക്ക് ഒരു ക്യുറിപ്പ് നൽകിയ ഉടൻതന്നെ അടിയന്തിരമായി സംഭവത്തിന്റെ വിശദാംശങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ കഴിയുന്ന സഹായം നൽകാനും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറ്റു പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും ശ്രമം നടത്തുമെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(7) മറവൻതുരുത്ത് പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കോൺക്രീറ്റ് പാലമാക്കണമെന്ന ആവശ്യം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട മറവൻതുരുത്ത് പഞ്ചായത്തിലെ വളരെ പ്രാധാന്യമുള്ള പൊതുമരാമത്തു റോഡിലെ നൂറു വർഷത്തിലേറെ പഴക്കമുള്ള മരംകൊണ്ട് നിർമ്മിച്ച പഞ്ചായത്ത് പാലം ഇന്ന് തകർന്നുകിടക്കുകയാണ്. തൻമൂലം അവിടെ ബസ് ഗതാഗതം നിലച്ചിരിക്കുന്നു. വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥൻമാർക്കും മറ്റു പൊതുജനങ്ങൾക്കും അവിടെ സഞ്ചരിക്കാൻ സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണ്. വളരെ കഷ്ടപ്പാടും ദുരിതങ്ങളും ആ പഞ്ചായത്തിലുള്ള ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വളരെക്കാലമായി ആ മരപ്പാലം മാറ്റി കോൺക്രീറ്റ് പാലം നിർമ്മിക്കണമെന്നു അവിടത്തെ പ്രതിനിധി എന്നുള്ള നിലയിൽ ഞാൻ ഈ നിയമസഭയിൽത്തന്നെ പലപ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. അതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തു വകുപ്പ് ആ മരം കൊണ്ട് നിർമ്മിച്ച പാലം മാറ്റി കോൺക്രീറ്റ് പാലം നിർമ്മിക്കാനുള്ള നടപടികളും സ്വീകരിച്ചതായി ഞാൻ മനസ്സിലാക്കുന്നു. അതിന് ടെൻഡർ വിളിച്ചതായും മനസ്സിലാകുന്നു. പക്ഷെ ടെൻഡർ വിളിച്ചുവെങ്കിലും ഇന്നുവരെ യാതൊരു നടപടിയും അതിനുവേണ്ടി സ്വീകരിച്ചു കാണുന്നില്ല. വളരെ പരിതാപകരമായ സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. അടിയന്തിരമായി ഈ മരപ്പാലത്തിന്റെ കേടുപാട് തീർത്ത് ബസ് ഗതാഗതം പുനരാരംഭിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം കോൺക്രീറ്റ് പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച വൈക്കം നിയോജകമണ്ഡലത്തിലെ മറവന്തുരുത്ത് പഞ്ചായത്തിൽപ്പെട്ട കോൺക്രീറ്റ് പാലം പണിയുന്നതിനുവേണ്ടി 36 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയത് 1991-ലാണ്. പാലത്തിന്റെ ജനറൽ ഡിസൈനും വിശദമായ ഡിസൈനും അംഗീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായി വരുന്നു. ഇപ്പോഴത്തെ നിരക്കനുസരിച്ച് ഏതാണ്ട് അമ്പതുലക്ഷം രൂപയ്ക്കുമേൽ ചെലവു വരും. പുതുക്കിയ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകി പാലത്തിന്റെ പണി എത്രയും വേഗം ആരംഭിക്കുന്നതിനു നടപടികളും സ്വീകരിക്കുന്നതാണ്.

(8) ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക്

ശ്രീ. കെ. മുഹമ്മദാലി: സർ, ദേശീയപാത 47-ലെ ആലുവ ടൗണിൽ സ്ഥിതി ചെയ്യുന്ന മാർത്താണ്ഡവർമ്മ പാലത്തിൽക്കൂടിയുള്ള യാത്ര വളരെ ദുസ്സഹമായിരിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും തിരക്കുള്ള ഒരു മേഖലയാണ് ഇടപ്പള്ളി മുതൽ അങ്കമാലി വരെയുള്ള പ്രദേശങ്ങളും. ഈ പാലത്തിന്റെ ശോചനീയാവസ്ഥ കൊണ്ടുള്ള ട്രാഫിക് കുരുക്കുമൂലം ഏകദേശം കളമശ്ശേരിവരെ ട്രാഫിക് തടസ്സം സ്ഥിരമായി ഉണ്ടാകുന്നു. ഇതുമൂലം ആലുവ ടൗണിലെ സാധാരണ ജനജീവിതംപോലും പലപ്പോഴും പ്രയാസത്തിലാകാറുണ്ട്. അവിടെ ഇപ്പോൾ നാലുനിര റോഡിന്റെ പ്രവൃത്തി നടന്നുവരുന്നു. ഈ നാലുനിര റോഡിന്റെ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി വളരെയേറെ പ്രയാസകരമായിട്ടുള്ള ഒരു സ്ഥിതിവിശേഷം അവിടെ ഉണ്ടാകും. അതുകൊണ്ട് അടിയന്തിരമായി മാർത്താണ്ഡവർമ്മ പാലത്തിനു സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കാനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജു: സർ, നാഷണൽ ഹൈവേ 47-ലെ ആലുവ-മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക് ഇന്ന് വളരെ രൂക്ഷമായിരിക്കുകയാണ്. കേരളത്തിലെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന ഒരു പ്രശ്നമായി നാഷണൽ ഹൈവേ 47-ലെ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക് മാറിക്കഴിഞ്ഞിരിക്കുകയാണ്. അവിടെ ഇപ്പോൾ നാലുനിര

LIBRARY ARCHIVES Kerala Legislative Assembly